09438

EM 3

18 FEB 2014

കേരള സർക്കാർ

**സംഗ്രഹം**

സഹകരണ വകുപ്പ് - പയ്യന്നൂർ സഹകരണ സ്റ്റോർസ് - ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സഹകരണ (സി) വകുപ്പ്

സ.ഉ.(കൈ) നം. 33/2014/സഹ. തീയതി, തിരുവനന്തപുരം, 13.02.2014.

---

പരാമർശം:- 1) 15.05.2003 ലെ സ.ഉ.(എം.എസ്)111/03/സഹ നമ്പർ ഉത്തരവ്.

2) സഹകരണ സംഘം രജിസ്ട്രാറുടെ 06.01.2014 ലെ ഇ.എം.(3) 45872/13 നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ പയ്യന്നൂർ സഹകരണ സ്റ്റോർസ് ക്ലിപ്തം നമ്പർ എഫ്.1156 ലെ ജീവനക്കാരുടെ ശമ്പളം പരാമർശം (1) പ്രകാരം 01.01.2000 മുതൽ 5 വർഷത്തേയ്ക്കോ അടുത്ത ശമ്പള പരിഷ്കരണ ഉത്തരവ് നടപ്പിൽ വരുന്നതുവരെയോ ഇവയിൽ ഏതാണോ അവസാനം വരുന്നത് ആയതുവരെ പ്രാബല്യം നൽകി പരിഷ്കരിച്ചിരുന്നു.

2) കഴിഞ്ഞ 12 വർഷമായി ടി സ്റ്റോറിൽ ശമ്പള പരിഷ്കരണം നടത്തിയിട്ടില്ലെന്നും ആയതിനാൽ 01.01.2010 മുതൽ 10 വർഷത്തേയ്ക്ക് ശമ്പള പരിഷ്കരണം നടപ്പിലാക്കണമെന്ന് സ്റ്റോർസ് ഭരണസമിതി 22.03.2013 ൽ തീരുമാനമെടുത്ത് അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാർ പരാമർശം (2) പ്രകാരം വിശദമായ പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് പയ്യന്നൂർ സഹകരണ സ്റ്റോർസിലെ ജീവനക്കാർക്ക് താഴെ പറയും പ്രകാരമുള്ള ശമ്പള പരിഷ്കരണം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

<u>ശമ്പള സ്കെയിൽ</u>

മാസ്റ്റർ സ്കെയിൽ :- 4000-80/2-4160-105/5-4685-130/5-5335-145/5-6060-160/6-7020-200/6-8220-240/6-9660-280/5-11060-320/4-12340-360/4-13780-420/4-15460-500/3-16960.

വിവിധ തസ്തികകളുടെ ശമ്പള സ്കെയിൽ :-

| ക്രമ നം. | തസ്തിക | നിലവിലുള്ളത് | പരിഷ്കരിച്ചത് |
|---|---|---|---|
| 1. | അറ്റൻഡർ/പ്യൂൺ/ക്ലീനർ കം പാക്കർ/ ലോറി ക്ലീനർ | 1800-3600 | 4000-8220 |
| 2. | സെയിൽസ്മാൻ/ഗോഡൗൺ അസിസ്റ്റന്റ്/എക്സ്-റേ അസിസ്റ്റന്റ്/ ലോറി ഡ്രൈവർ | 1880-4050 | 4080-8700 |
| 3. | സെയിൽസ്മാൻ ഗ്രേഡ് I | 1960-4245 | 4160-8940 |
| 4. | സെയിൽസ്മാൻ ഗ്രേഡ് II | 2040-4455 | 4265-9660 |
| 5. | ജൂനിയർ ക്ലാർക്ക്/ടൈപ്പിസ്റ്റ്/എക്സ്-റേ ടെക്നീഷ്യൻ | 2140-4665 | 4370-11060 |
| 6. | ജൂനിയർ ക്ലാർക്ക്/ടൈപ്പിസ്റ്റ്/എക്സ്-റേ ടെക്നീഷ്യൻ ഹയർ ഗ്രേഡ് | 2240-4905 | 4815-11700 |
| 7. | ക്ലാർക്ക്/കാഷ്യർ/ഡിപ്പോ മാനേജർ/ ഗോഡൗൺ കീപ്പർ/ഇന്റേണൽ ഓഡിറ്റർ/സെയിൽസ് ഡിപ്പോ ഇൻസ്പെക്ടർ | 2340-5145 | 5075-12340 |
| 8. | ക്ലാർക്ക്/കാഷ്യർ/ഡിപ്പോ മാനേജർ/ ഗോഡൗൺ കീപ്പർ/ഇന്റേണൽ ഓഡിറ്റർ/സെയിൽസ് ഡിപ്പോ ഇൻസ്പെക്ടർ ഹയർ ഗ്രേഡ് | 2460-5400 | 5205-13060 |
| 9. | ഫാർമസിസ്റ്റ് | 2340-5145 | 5205-13060 |
| 10. | അക്കൗണ്ടന്റ് | 2580-5670 | 5625-13780 |
| 11. | ഓഫീസ് മാനേജർ/ബിസിനസ്സ് മാനേജർ | 2700-6240 | 5915-14620 |
| 12. | ഓഫീസ് മാനേജർ/ബിസിനസ്സ് മാനേജർ ഹയർ ഗ്രേഡ് | 2840-6540 | 6220-15460 |
| 13. | സെക്രട്ടറി | 3050-7020 | 6540-16960 |

3) ടി ശമ്പള പരിഷ്കരണത്തിന് താഴെ പറയുന്ന നിബന്ധനകൾ ബാധകമായിരിക്കും.

(i) 01.07.2009 വരെയുള്ള 123% ഡി.എ. 01.01.2010 മുതൽ അല്ലെങ്കിൽ ജീവനക്കാരുടെ ഓപ്ഷൻ തീയതി മുതൽ അടിസ്ഥാന ശമ്പളത്തിൽ ലയിപ്പിക്കേണ്ടതാണ്.

(ii) 5% ഫിറ്റ്മെന്റ് ബെനിഫിറ്റ് മിനിമം 500/- രൂപ അനുവദിക്കുന്നു.

(iii) ജീവനക്കാരുടെ സർവ്വീസ് ദൈർഘ്യം കണക്കിലെടുത്ത് 7 വർഷം, 15 വർഷം, 25 വർഷം എന്നിങ്ങനെ പഴയ ശമ്പള സ്കെയിലിലെ ഇൻക്രിമെന്റ് പ്രകാരം പരമാവധി 3 സർവ്വീസ് വെയിറ്റേജ് അനുവദിക്കുന്നു.

(iv) ഫിറ്റ്മെന്റ് ബെനിഫിറ്റ്, സർവ്വീസ് വെയിറ്റേജ് എന്നിവ ചേർന്ന തുക പുതുക്കിയ ശമ്പള സ്കെയിലിൽ ഒരു സ്റ്റേജ് വരികയാണെങ്കിൽ അതിലും അല്ലാത്ത പക്ഷം അടുത്ത സ്റ്റേജിലും ഫിക്സ് ചെയ്യേണ്ടതാണ്.

(v) സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് - ജീവനക്കാരുടെ ശമ്പളം റിവൈസ്ഡ് സ്കെയിലിൽ പരമാവധിയിൽ എത്തുകയാണെങ്കിൽ അവസാനം ലഭിച്ച ഇൻക്രിമെന്റ് നിരക്കിൽ പ്രതിവർഷം ഇൻക്രിമെന്റ് നൽകേണ്ടതാണ്. എന്നാൽ ഇത് മൂന്നിൽ അധികരിക്കാൻ പാടില്ല.

(vi) ശമ്പള പരിഷ്കരണത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാരുടെ നിരക്കിൽ ഡി.എ. നൽകേണ്ടതാണ്.

(vii) വീട്ടുവാടക അലവൻസ് - സർക്കാർ ജീവനക്കാർക്ക് അനുവദനീയമായ വീട്ടുവാടക അലവൻസ് അനുവദിക്കണം.

(viii) ഇ.എസ്.ഐ.യുടെ പരിധിയിൽ വരുന്ന ജീവനക്കാർക്ക് മെഡിക്കൽ അലവൻസിന് അർഹതയില്ല. മറ്റുള്ളവർക്ക് 1350/- രൂപ വർഷത്തിലൊരിക്കൽ മെഡിക്കൽ അലവൻസ് ഇനത്തിൽ നൽകേണ്ടതാണ്.

(ix) ശമ്പള പരിഷ്കരണത്തിന്റെ പ്രാബല്യ തീയതി - ശമ്പള പരിഷ്കരണം 01.01.2010 മുതൽ 10 വർഷത്തേക്ക് തുടരേണ്ടതാണ്. ഇതുമൂലം ഉണ്ടാകുന്ന കുടിശ്ശിക 01.01.2013 മുതൽ നൽകണം. പുതിയ ശമ്പള പരിഷ്കരണത്തിൽ 01.01.2010 മുതൽ ഓപ്ഷൻ നൽകാത്ത പക്ഷം ഓപ്ഷൻ തീയതി മുതൽ ശമ്പളം ഫിക്സ് ചെയ്യേണ്ടതാണ്. ശമ്പള പരിഷ്കരണംമൂലം ആനുകൂല്യം ലഭിക്കുന്ന വിരമിച്ച ജീവനക്കാർക്ക് കുടിശ്ശിക പണമായി നൽകേണ്ടതാണ്.

(x) ഓപ്ഷൻ - 01.01.2010 മുതൽ 31.12.2010 വരെയുള്ള ഒരു വർഷ കാലത്തിനുള്ളിൽ ഓപ്ഷൻ നൽകേണ്ടതാണ്.

(xi) കേരളാ സഹകരണ സംഘം നിയമം/ചട്ടം പ്രകാരം നൽകിവരുന്ന മറ്റ് ആനുകൂല്യങ്ങൾ തുടർന്നും നൽകേണ്ടതാണ്.

(xii) ഫിറ്റ്മെന്റ്/ഫിക്സേഷൻ എന്നിവ ബോർഡ് തീരുമാന പ്രകാരം നടപ്പിലാക്കേണ്ടതാണ്. ഇത് ഓഡിറ്ററുടെ പൂർണ്ണ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

(xiii) തെറ്റായ രീതിയിൽ നടത്തിയ ഫിക്സേഷൻ, കാൽക്കുലേഷൻ, തെറ്റായ റൂൾ വ്യാഖ്യാനിച്ച് കഴിഞ്ഞ ശമ്പള പരിഷ്കരണത്തിൽ നടത്തിയ ശമ്പള പരിഷ്കരണം എന്നിവയ്ക്ക് യാതൊരു കാരണവശാലും സംരക്ഷണം നൽകുന്നതല്ല.

(xiv) ശമ്പള പരിഷ്കരണം മൂലമുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത സഹകരണ സ്റ്റോർ തന്നെ വഹിക്കേണ്ടതാണ്.

(xv) ശമ്പള പരിഷ്കരണത്തിൽ അപാകതകൾ വല്ലതുമുണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. വി.എം. ഗോപാല മേനോൻ,
ഗവൺമെന്റ് സെക്രട്ടറി

1. സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
2. സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ), കണ്ണൂർ.
3. സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ഓഡിറ്റ്), കണ്ണൂർ.
4. സെക്രട്ടറി, പയ്യന്നൂർ സഹകരണ സ്റ്റോർസ് ക്ലിപ്തം നമ്പർ എഫ്. 1156, പി.ബി. നം.2, പയ്യന്നൂർ, കണ്ണൂർ - 670 307.
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Sreejith